**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1876** **02-02-2024 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ സംസ്ഥാനത്ത് ആകെ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് എത്ര എന്ന് വ്യക്തമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ പാലുൽപാദനം 2579.76 (000 Tonnes) ആണ്. |
| (ബി) | നിലവിലെ ആവശ്യകതയുടെ എത്ര ശതമാനം പാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര ശതമാനം പാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്; ഇത്തരത്തിൽ ഇറക്കുമതി ചെയ്യുന്ന പാലിന്റെ ഗുണനിലവാരം സംബന്ധിച്ച പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ 33.31 ലക്ഷം മെട്രിക് ടൺ പാലാണ് ഉപഭോഗത്തിനായി ആവശ്യമായിട്ടുള്ളത്. ഇതിൽ 2022-23 ലെ കണക്കുകൾ പ്രകാരം 25.80 ലക്ഷം മെട്രിക് ടൺ ലിറ്റർ പാൽ മാത്രമാണ് സംസ്ഥാനത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുന്നത്. അതായത് ആകെ ആവശ്യകതയുടെ 78-80% പാൽ സംസ്ഥാനത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുമ്പോൾ 20% ലധികം പാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു.<br><br>ക്ഷീരവികസന വകുപ്പ് ഇറക്കുമതി ചെയ്യുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനായി പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ സ്ഥലങ്ങളിൽ സ്ഥിരം പാൽ പരിശോധനാ ചെക്ക്പോസ്റ്റും, ജില്ലാതലത്തിൽ പാൽ ഗുണനിയന്ത്രണ പരിശോധനാ ലാബുകളും, മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി NABL അക്രഡിറ്റേഷനുള്ള സ്റ്റേറ്റ് ഡയറി ലാബും തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു.<br><br>2023 ജനുവരി 1 മുതൽ 2024 ജനുവരി 29 വരെയുള്ള കണക്കുകൾ പ്രകാരം, മിൽമയുടെ ശരാശരി പ്രതിദിന വിൽപ്പന ആവശ്യകതയുടെ 80 ശതമാനത്തോളം പാൽ പ്രതിദിനം മിൽമ സംഭരിക്കുകയും തികയാതെ വരുന്ന ബാക്കി 20 ശതമാനത്തോളം പാൽ ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടി |

| | | | |
|---|---|---|---|
| | | | വരികയും ചെയ്യുന്നു. ഓണം, വിഷു തുടങ്ങിയ ഉത്സവ സീസണുകളിലാണ് കൂടുതലും അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത്.<br><br>അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്ന് മിൽമ പാൽ എത്തിക്കുന്ന മിൽമയുടെ ഡയറികളിൽ കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയ ശേഷമാണ് പാൽ സ്വീകരിക്കുന്നത്. ഇത്തരത്തിൽ ഗുണപരിശോധന മാനദണ്ഡങ്ങൾ പാലിച്ച്, ഗുണനിലവാരം ഉറപ്പ് വരുത്തിയ പാൽ മാത്രമേ മിൽമ വിപണിയിൽ എത്തിക്കുന്നുള്ളൂ. കൂടാതെ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡ് ആണ്. ജി.എം.പി കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. |
| (സി) | കഴിഞ്ഞ 10 വർഷത്തിനിടയിൽ പാലിന്റെ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വീതം വർദ്ധിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ 10 വർഷ കാലയളവിനുള്ളിൽ പാലിന്റെ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാൽ 2021-22 സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2022-23 വർഷം പാലുൽപാദനം 2% വർദ്ധിച്ചതായി മനസ്സിലാക്കാവുന്നതാണ്. |
| (ഡി) | നിലവിൽ സംസ്ഥാനത്തെ ക്ഷീരകർഷകരുടെ എണ്ണം എത്രയെന്നും ഇവരെ സഹായിക്കുവാൻ നൂതനമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (ഡി) | ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരസഹകരണ സംഘങ്ങളിലൂടെ 3.97 ലക്ഷം ക്ഷീരകർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br><br>ക്ഷീരകർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി, തെരെഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, മേഖല/വിഭാഗം എന്നിവിടങ്ങളിലെ തൊഴിലാളികൾക്കുവേണ്ടി ക്ഷീരതീരം, ക്ഷീരലയം എന്നീ പദ്ധതി, ഇടുക്കി, വയനാട് ജില്ലകൾക്കായി പ്രത്യേക ഡയറി പാക്കേജ്, യുവസംരംഭകർക്കായി സ്മാർട്ട് ഡയറി യൂണിറ്റുകൾ, കോളാർ മോഡൽ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി, എന്നിങ്ങനെയുള്ള നൂതനമായ പദ്ധതികൾ ക്ഷീരവികസനവകുപ്പ് നടപ്പിലാക്കുന്നു. |
| (ഇ) | സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശവും ആയത് എപ്പോൾ പൂർത്തീകരിച്ച് സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ഇ) | പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പലവിധ പദ്ധതി പ്രവർത്തനങ്ങളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രധാന പദ്ധതിയായ മിൽക്ക് ഷെഡ് പദ്ധതി മുഖേന അന്യ സംസ്ഥാനങ്ങളിൽ നിന്നും കറവ പശുക്കളെ വാങ്ങുന്നതിലൂടെ സംസ്ഥാനത്തെ കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതുവഴി പാലുല്പാദനം കൂട്ടുന്നതിനും ഇത് സഹായകരമാണ്. മിൽക്ക് ഷെഡ് വികസനപദ്ധതി കൂടാതെ തീറ്റപ്പുൽകൃഷി വികസന |

| | | | |
|---|---|---|---|
| | | | പദ്ധതി, കാലിത്തീറ്റ ധനസഹായ പദ്ധതി, തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി, മേഖല/വിഭാഗം/ജില്ല എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി പ്രത്യേക ഡയറി പാക്കേജുകൾ, പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ, പാൽഗുണ നിയന്ത്രണ ലാബുകളുടെ ശാക്തീകരണം തുടങ്ങിയ പദ്ധതികളിലൂടെ സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വകുപ്പ് നിരന്തരം പ്രയത്നിക്കുന്നു.<br><br>2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ക്ഷീരവികസന വകുപ്പ് പരിശ്രമിക്കുന്നു. |

സെക്ഷൻ ഓഫീസർ